## പി സി ജി എച്ച് എസ്

## വെള്ളികുളങ്ങര

## റിപ്പോർട്ട്

തൃശൂർ ജില്ലാപഞ്ചായത്തും
പൊതുവിദ്യാഭ്യാസ വകുപ്പും
കേരള ശാസ്ത്ര
സാഹിത്യ പരിഷത്തും ചേർന്ന് നടത്തുന്ന
മക്കൾക്കൊപ്പം പദ്ധതി

# മക്കൾക്കൊപ്പം

# രക്ഷിതാക്കളോട് ഉള്ള വർത്തമാനം




2021 ആഗസ്റ്റ് 18

# പി സി ജി എച്ച് എസ്  വെള്ളികുളങ്ങര

*കോഡ് നമ്പർ ഒന്ന്*

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംഘാടനം ചെയ്യുകയും തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെയും  പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന പദ്ധതി മക്കൾക്കൊപ്പം രക്ഷിതാക്കളോടുള്ള വർത്തമാനം എന്ന പരിപാടി പി സി ജി എച്ച് എസ് വെള്ളികുളങ്ങരയിൽ  ആഗസ്റ്റ് 18 ആം തീയതി 6 30 pm മുതൽ 8 വരെ വിവിധ കോഡ് നമ്പറുകളിൽ ആയി ഗൂഗിൾ മീറ്റിലൂടെ  നടന്നു.
കോഡ് 1 കോഡ് 2 കോഡ് 3 കോഡ് 4 കോഡ് 5 കോഡ് 6 എന്നിങ്ങനെയാണ് ക്ലാസ്സുകൾ തിരിച്ചിരിക്കുന്നത്.  എല്ലാ ഗ്രൂപ്പുകളിലും കൃത്യം 6.30 ന  തന്നെ പ്രാർത്ഥനാ ഗാനത്തോടെ ക്ലാസ്  ആരംഭിച്ചു.

കോഡ് നമ്പർ ഒന്ന് പത്താം ക്ലാസിനു ആയിരുന്നു നൽകിയത്.  പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിങ്ങിൽ ശ്രീമതി റിനി ടീച്ചർ സ്വാഗതവും,  വെള്ളികുളങ്ങര ഗ്രാമപഞ്ചായത്ത് പത്താം വാർഡ് മെമ്പർ ശ്രീമതി ഷൈബി സജി ഉദ്ഘാടനവും നിർവഹിച്ചു.  യോഗത്തിൽ സി.ആനി ജോൺ ആമുഖ അവതരണം നടത്തി തുടർന്ന് മറ്റത്തൂർ ശ്രീകൃഷ്ണ സ്കൂളിലെ അധ്യാപകനായ ശ്രീ പ്രവീൺ എം കെ വളരെ ലളിതവും വിശദമായിത്തന്നെ വിഷയാവതരണം നടത്തി.  ചർച്ചയിൽ മാതാപിതാക്കൾ തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പങ്കുവെച്ചു.   സി. അൻസ നന്ദി പറഞ്ഞ യോഗത്തിൽ ഏകദേശം 75 ഓളം പേരുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. എട്ടു മണിയോടെ യോഗം അവസാനിച്ചു.

## കോഡ് നമ്പർ 2

കോഡ് നമ്പർ 2 ഒമ്പതാം ക്ലാസിനു ആയിരുന്നു നൽകിയിരുന്നത്. നിത ടീച്ചർ സ്വാഗതം പറഞ്ഞു. ഉദ്ഘാടന കർമ്മം നിർവഹിച്ചത് ബഹുമാനപ്പെട്ട സിസ്റ്റർ തെരേസ (retired HM LPS PULLUT) ആയിരുന്നു. ജിൻസി ടീച്ചർ ആമുഖ അവതരണം നടത്തി. ബഹുമാനപ്പെട്ട മുരളീധരൻ സർ (GGHS KODUNGALLUR) വിഷയാവതരണം നടത്തി. സമയക്ലിപ്തത പാലിച്ചുകൊണ്ട് സർ വളരെ രസാവഹമായ ക്ലാസ് നയിച്ചു. മാതാപിതാക്കളിലും കുട്ടികളിലും ഉണ്ടാകുന്ന ശാരീരിക മാനസിക പിരിമുറുക്കങ്ങൾ എങ്ങനെ പരിഹരിക്കാം എന്നും കൃത്യമായി ടൈംടേബിൾ ജീവിതത്തിൽ പ്രാവർത്തികമാക്കണം എന്നും വസ്തുനിഷ്ഠമായി പറഞ്ഞതിലൂടെ ക്ലാസ്സ് പ്രായോഗിക ജീവിതത്തിന് ഉതകുന്നതായിരുന്നു. സിസ്റ്റർ ജാൻസി ടോം ആശംസകൾ അർപ്പിക്കുകയും സിസ്റ്റർ ശാലോം നന്ദി പറഞ്ഞ് യോഗം 8 PM നു അവസാനിച്ചു.

## *കോഡ് നമ്പർ 3*

കോഡ് നമ്പർ 3 എട്ടാം ക്ലാസിന് ആയിരുന്നു. യോഗത്തിൽ സിസ്റ്റർ.പ്രദീപ സ്വാഗതം പറയുകയും, പി ടി എ പ്രസിഡണ്ട് ശ്രീ ബെന്നി താഴേകാടൻ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മീറ്റിംഗിൽ ആമുഖ അവതരണം നടത്തിയത് എൽസി ടീച്ചറാണ്. വിഷയാവതരണം നടത്തിയത് ശിഹാബുദ്ദീൻ സാറായിരുന്നു മാതാപിതാക്കളും മക്കളും തമ്മിലുള്ള മാനസിക ഐക്യം ദൃഢമൂലം ആക്കണം.കുട്ടികളുടെ ഭാഗത്തുനിന്ന് ചിന്തിക്കാനും അതുവഴി നല്ല സമൂഹത്തെ വാർത്തെടുക്കാനും കഴിയുമെന്ന് ചൂണ്ടിക്കാട്ടി. ചർച്ചയിൽ സജീവമായി മാതാപിതാക്കൾ പങ്കെടുത്തു. ആശംസകൾ അർപ്പിക്കാൻ ലിൻസി ടീച്ചറുടെ സാന്നിധ്യം ഉണ്ടായിരുന്നു. ദിവ്യ ടീച്ചർ ഏവർക്കും നന്ദി പറഞ്ഞു. യോഗം 8pm ന് അവസാനിച്ചു

## കോഡ് നമ്പർ 4

കോഡ് നാലിൽ 2021 ആഗസ്റ്റ് 18 ന 6.30-8.00 pm വരെ നടന്ന യോഗത്തിൽ ശ്രീമതി പ്രീതി ടീച്ചർ സ്വാഗതം അർപ്പിച്ച് സംസാരിച്ചു. MPTA പ്രസിഡന്റ് ശ്രീമതി മാജിദ ഷുഹൈബ് യോഗം ഉദ്ഘാടനം ചെയ്തു. ശ്രീമതി ജിഫി ടീച്ചർ യോഗത്തിന് ആശംസകൾ അറിയിച്ചു. പ്രിൻസി ടീച്ചറുടെ ആമുഖ അവതരണത്തിലൂടെ മക്കൾക്കൊപ്പം എന്ന പരിപാടിയുടെ പ്രസക്തി മാതാപിതാക്കളിൽ എത്തിക്കുകയും ചെയ്തു. കേരള ശാസ്ത്ര പരിഷത്ത് പ്രവർത്തകനായ ശ്രീ.പ്രദീപ് സി സി വിഷയാവതരണത്തിലൂടെ ഓൺലൈൻ പഠനാനുഭവം കുട്ടികളെ എങ്ങനെ സ്വാധീനിക്കുമെന്നും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തെല്ലാം എന്ന് നിർദേശിക്കുകയും ചെയ്തു. സിസ്റ്റർ.യോഗത്തിന് നന്ദി അർപ്പിച്ചു

## കോഡ് നമ്പർ 5

കോഡ് നമ്പർ അഞ്ചിൽ ആഗസ്റ്റ് 18 ന് 6 30 -8 pm വരെ നടന്ന യോഗത്തിൽ പ്രാർത്ഥന ഗാനത്തോടെ കാര്യ പരിപാടികൾ ആരംഭിച്ചു. ഉൽഘാടനം BRC കോഡിനേറ്ററുടെ അഭാവത്തിൽ ഹെഡ്മിസ്ട്രസ് നിർവഹിച്ചു. ആമുഖവതരണം ശ്രീമതി ജെസി ടീച്ചർ നിർവ്വഹിച്ചു. വിദ്യാഭ്യാസ പ്രവർത്തകയും എം പി ടി എ അംഗവുമായ ശ്രീമതി ജാൻസി ജോൺസനാണ് പരിപാടിക്ക് ആശംസകൾ അർപ്പിച്ചത്. ശ്രീമതി ശാലിനി ടീച്ചർ ഭംഗിയായി വിഷയാവതരണം നടത്തുകയും കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് ഒരുപരിധിവരെ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്തു. പരിപാടികളുടെ അവസാനം ശ്രീമതി ധന്യ ടീച്ചർ നന്ദി പറയുകയും ചെയ്തു.

## കോഡ് നമ്പർ 6

2021 ആഗസ്റ്റ് 18 ന് മക്കൾക്കൊപ്പം പരിപാടിയിൽ കോഡ് നമ്പർ ആറിൽ അഞ്ചാം ക്ലാസിലെ കുട്ടികളാണ് പങ്കെടുത്തത്. ആഗസ്റ്റ് 18 ആം തീയതി കൃത്യം 6 30 ന് ക്ലാസ്സ് ആരംഭിച്ചു. ഇതിൽ ഏകദേശം 45 രക്ഷിതാക്കൾ പങ്കെടുത്തു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ലിസ്മിൻ ഉദ്ഘാടനം നിർവഹിക്കുകയും, ശ്രീമതി. റെക്സി ബൈറസ് സ്വാഗതം ആശംസിക്കുകയും ചെയ്തു. ശ്രീമതി റെന്നി ടീച്ചർ ആണ് ആമുഖ അവതരണം നടത്തിയത്. കുടുംബശ്രീ ജെൻഡർ റിസോഴ്സ് പേഴ്സൺ ആയ നിഷി അനിൽ വിഷയാവതരണം നടത്തി. ഓൺലൈൻ പഠനം വഴി കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്തു. ശ്രീമതി ലില്ലി ടീച്ചർ ആശംസകൾ അർപ്പിക്കുകയും, സിസ്റ്റർ പ്രീതി നന്ദി പറഞ്ഞ് കൃത്യം എട്ടു മണിയോടെ മീറ്റിങ്ങ് അവസാനിപ്പിക്കുകയും ചെയ്തു.

-----------------------